# ഖുർആനിനെ സംബന്ധിച്ച സംസാരം

**ഗ്രന്ഥകർത്താവ്:** *ശൈഖ് മുഹമ്മദുബ്നു സ്വാലിഹ് അൽഉഥൈമീൻ* ( رَحِمَهُ الله )
**അവലംബ ഗ്രന്ഥം:** شرح لمعة الإعتقاد الهادي إلى سبيل الرشاد
**വിവർത്തനം:** *അബ്ദുൽ ലത്തീഫ് സുല്ലമി മാറഞ്ചേരി*

ഖുർആൻ അല്ലാഹുവിൻെറ സംസാരമാണ് (كلام الله). അത് അവൻെറ സൃഷ്ടിയല്ല, അത് അവനിൽനിന്നും ഇറക്കപ്പെട്ടതാണ്, അവനിൽനിന്നു തുടങ്ങി അവനിലേക്ക് തന്നെ മടങ്ങുകയും ചെയ്യും. അതിൻെറ പദങ്ങളും ആശയവും അല്ലാഹുവിൽനിന്നുള്ളത് തന്നെയാണ്. അത് അല്ലാഹുവിൻെറ സംസാരമാണ് എന്നതിൻെറ തെളിവാണ് താഴെ പറയുന്ന വചനം:

وَإِنْ أَحَدٌ مِّنَ ٱلْمُشْرِكِينَ ٱسْتَجَارَكَ فَأَجِرْهُ حَتَّىٰ يَسْمَعَ كَلَـٰمَ ٱللَّهِ

''ബഹുദൈവവിശ്വാസികളിൽ വല്ലവനും നിൻെറയടുക്കൽ അഭയം തേടിവന്നാൽ അല്ലാഹുവിൻെറ വചനം അവൻ കേട്ടു ഗ്രഹിക്കാൻവേണ്ടി അവന്ന് അഭയം നൽകുക''. (തൗബ: 6).

അതായത് ഖുർആൻ.

അത് ഇറക്കപ്പെട്ടതാണെന്നതിനുള്ള തെളിവാണ്:

تَبَارَكَ ٱلَّذِى نَزَّلَ ٱلْفُرْقَانَ عَلَىٰ عَبْدِهِۦ

''തൻെറ ദാസന് സത്യാസത്യ വിവേചനപ്രമാണം (ഖുർആൻ) ഇറക്കിയവൻ അനുഗ്രഹ പൂർണ്ണനാകുന്നു.'' (ഫുർഖാൻ 1) .

അത് സൃഷ്ടിയല്ല എന്നതിൻെറ തെളിവാണ്:

أَلَا لَهُ ٱلْخَلْقُ وَٱلْأَمْرُ

''സൃഷ്ടിപ്പും കൽപ്പനയും അവനുതന്നെയാണ്''(അഅ്റാഫ് 54)

ഇവിടെ കൽപ്പന (الأمر) സൃഷ്ടിയല്ല എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ ഖുർആൻ അംറ് കൽപ്പനയാണ്താനും. അല്ലാഹു പറയുന്നു:

وَكَذَٰلِكَ أَوْحَيْنَآ إِلَيْكَ رُوحًا مِّنْ أَمْرِنَا

''അപ്രകാരം തന്നെ നിനക്ക് നാം നമ്മുടെ കൽപ്പനയാൽ ജീവസ്സുററ ഒരു സന്ദേശം ബോധനം നൽകിയിരിക്കുന്നു'' (ശൂറ: 52)

ذَٰلِكَ أَمۡرُ ٱللَّهِ أَنزَلَهُۥٓ إِلَيۡكُمۡ

“അതല്ലാഹുവിൻെറ കൽപ്പനയാകുന്നു; അവനത് നിങ്ങൾക്ക് അവതരിപ്പിച്ചു തന്നിരിക്കുന്നു.”
(ത്വലാഖ്: 5)

അതിനാൽ അല്ലാഹുവിൻെറ സംസാരം (كلام الله) അതവൻെറ സ്വിഫതുകളിൽ നിന്നുള്ളൊരു സ്വിഫത്ത് (വിശേഷണം) ആണ്. അവൻെറ സ്വിഫതുകളൊന്നുംതന്നെ സൃഷ്ടികളല്ലതാനും. അത് അവനിൽ നിന്നു തുടങ്ങിയതാണ് എന്നതിൻെറ തെളിവാണ് അത് അവനിലേക്ക് ചേർത്തുപറയുന്നു എന്നുള്ളത്. ഒരു സംസാരം ആദ്യമായി ആരാണോ പറഞ്ഞത് അവനിലേക്കല്ലാതെ അത് ചേർത്തു പറയുകയില്ല. അത് അവനിലേക്ക്തന്നെ മടങ്ങുമെന്നതിന്നുള്ള തെളിവാണ്; അവസാനകാലത്ത് ഖുർആൻ മുസ്ഹഫുകളിൽനിന്നും മനുഷ്യ മനസ്സുകളിൽനിന്നും ഉയർത്തപ്പെടുമെന്ന് ചില സ്വഹാബിവചനങ്ങളിൽ (الآثار) വന്നിട്ടുള്ളത്.